കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നേമം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

തിരുവനന്തപുരം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: lfadtvm@yahoo.in

dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ബി.പി./2023/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി : 30.10.2017

Phone No : 0471-2331231

Email : lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നേമം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നേമം ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) സെക്രട്ടറി, ത.സ്വ.ഭ.വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, തിരുവനന്തപുരം

4)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.റ്റി.വി.എം..ബി.പി./2023/2017 തീയതി: 30.10.2017

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016മുതൽ 31.03.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2016-17 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. വി.എം. മോഹനൻപിള്ള, ജോയിന്റ് ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 09.10.2017 മുതൽ 13.10.2017വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1. | ശ്രീമതി ലതകുമാരി എം. | ഓഡിറ്റ് ഓഫീസർ |
| 2. | ശ്രീ.അരുൺ സി. എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3. | ശ്രീ.ലിപു എസ്.ലോറൻസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് - ശ്രീമതി.എൽ. അനിത – 01.04.2016 മുതൽ 31.03.2017 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര്,മേൽവിലാസം | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ബി. കൃഷ്ണൻകുട്ടിനായർ<br>"അനുപമം", മൂഴിയിൽ,<br>വിട്ടിയം, പേയാട് പി.ഒ. | 01.04.2016 – 31.03.2017 |
| ക്ഷീരവികസന ഓഫീസർ | ശ്രീമതി ജയശ്രീ ബി.<br>"മിഥില", എൻ.എസ്.പി.നഗർ/135 കേശവദാസപുരം,പട്ടം പി.ഒ. | 01.04.2016 -31.03.2017 |
| അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | ശ്രീ.അജിത്ത് കുമാർ<br>അജിത്ത് ഭവൻ<br>പൂങ്കുളം, വെള്ളായണി | 01.04.2016–31.03.2017 |
| മെഡിക്കൽ ഓഫീസർ<br>(വിളപ്പിൽ) | ഡോ.നിജു ജി.<br>"നാരായണീയം" ഐ.ഒ.സി പമ്പിന് എതിർവശം, കാട്ടാക്കട പി ഒ | 01.04.2016 –31.03.2017 |
| മെഡിക്കൽ ഓഫീസർ<br>(മലയിൻകീഴ്) | ഡോ.ലൂക്കാസ് തോബിയാസ് | 01.04.2016 – 31.03.2017 |
| കൃഷി, അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി വി.ജി.ഷീജ<br>"സൗപർണ്ണിക", മേട്ടുക്കട,<br>തൈക്കാട് പി.ഒ. | 01.04.2016 – 31.03.2017 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. അബ്ദുള്ളക്കുഞ്ഞ്,<br>"കിളിക്കൂട്", മൊട്ടമൂട്, സ്വാതിനഗർ, നരുവാമൂട് പി.ഒ. | 01.04.2016 – 31.03.2017 |
| ചൈൽഡ് ഡെവലപ്മെൻറ് പ്രോജക്ട് ഓഫീസർ | ശ്രീമതി.റാണിമതി<br>പാർത്ഥാസ്,ടി.സി 19/1638(4),തമലം<br>ത്രി വിക്രമംഗലം | 01.04.2016 – 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |
| 06 | അക്കൗണ്ട് പരിശോധന - അപാകതകൾ | 1-6 | |
| 07 | പദ്ധതി അവലോകനം | 1-7 | |
| 08 | തനത് വരുമാനം | 1-8 | |
| 09 | ക്ഷേമപദ്ധതികൾ | 1-9 | |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 | |
| 11 | ആഭ്യന്തരനിയന്ത്രണം | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | ഭാഗം - 2 | | |

| | | | |
|---|---|---|---|
| | ഇല്ല | | |
| | ഭാഗം -3 | | |
| 13 | കൈപ്പറ്റ രസീത് ഹാജരാക്കിയില്ല | 3-1 | |
| 14 | അച്ചടി ജോലി - ക്വട്ടേഷൻ ക്ഷണിച്ചില്ല | 3-2 | |
| 15 | ആദായ നികുതി ഈടാക്കിയില്ല | 3-3 | |
| 16 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ - കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തി | 3-4 | |
| 17 | സർക്കാർ നിർദേശത്തിനു വിരുദ്ധമായി സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തി | 3-5 | |
| 18 | ഫീസിബിലിറ്റി സട്ടിഫിക്കറ്റ്, , വിനിയോഗ സാക്ഷ്യ പത്രം - ഹാജരാക്കിയില്ല | 3-6 | |
| 19 | കറവപ്പശു വിതരണം - വായ്പ രേഖകൾ ഹാജരാക്കിയില്ല | 3-7 | |
| 20 | സി.എച്ച്.സി കൾക്ക് മരുന്ന് വാങ്ങൽ - അപാകങ്ങൾ | 3-8 | |
| 21 | ദീർഘവീക്ഷണമില്ലാത്ത ആസൂത്രണം ഫണ്ടിന്റെ ശരിയായ വിനിയോഗത്തിന് തടസ്സമാകുന്നു | 3-9 | |
| 22 | പദ്ധതി നടത്തിപ്പിൽ വീഴ്ച - ചെലവ് 49.84% മാത്രം | 3-10 | |
| | ഭാഗം -4 | | |

| | | | |
|---|---|---|---|
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 28 | ഓഡിറ്റ് റിക്കവറി | 4-6 | |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 793,420,000/-രൂപയും പ്രതീക്ഷിത ചെലവ് 792,500,000/- രൂപയും നീക്കിയിരിപ്പ് 920,000/-രൂപയും ആയിരുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 01-08-2017 | -- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 09.10.2017 | അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32358715 |
| വരവ് | 105890635 |
| ആകെ | 138249350 |
| ചെലവ് | 108998432 |
| നീക്കിയിരിപ്പ് | 29250918 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 44544923 | 0 | 44544923 | 44544923 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 15159287 | 0 | 15159287 | 15159287 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 6915910 | 0 | 6915910 | 6915910 | 0 |

## 1-6 അക്കൗണ്ട് പരിശോധന - അപാകതകൾ

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

എ) സ്ഥാപനത്തിന്റെ മുഴുവൻ ആസ്തി വിവരവും വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

ബി) സ്റ്റോക്ക് & സ്റ്റോർസ് മൂല്യാധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സി) വാർഷിക ധനകാര്യപത്രികയിലെ ബി 11 (a) ഷെഡ്യൂൾ പ്രകാരം 1906509/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം പാർട്ട് പെയ്മെന്റ് തുക 1860476/- രൂപയാണ്.

ഡി) സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

ഇ) ട്രഷറി അക്കൗണ്ട് റികൺസിലിയേഷൻ നടത്തിയിട്ടില്ല.

എഫ്) ഇ.എം.എസ് ഭവന പദ്ധതി - വായ്പ സംബന്ധിച്ച വായ്പ രജിസ്റ്റർ, ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് തുടങ്ങിയ രേഖകൾ ഹാജരാക്കാത്തതിനാൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുകയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

## 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 155 | 133678689 | 116 | 66620120 | 39 | 74.8 |

## 1-8 തനത് വരുമാനം

ഇല്ല

## 1-9 ക്ഷേമപദ്ധതികൾ

ഇല്ല

## 1-10 ക്യാഷ് വെരിഫിക്കേഷൻ

ഇല്ല

## 1-11 ആഭ്യന്തരനിയന്ത്രണം

പ്രോജക്ടുമായി ബന്ധപ്പെട്ട വൗച്ചറുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗവുമായി ബന്ധപ്പട്ട രജിസ്റ്ററുകൾ പരിശോധിച്ചതിൽ പ്രവർത്തനം ശുഷ്കമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. 04.01.2016ലെ സർക്കാർ കത്ത് നം എൽ എസ് ജി ഡി - ഐ ബി 1/317/2015 പ്രകാരം ഒരു FTTH കണക്ഷൻ എടുക്കാൻ പഞ്ചായത്തുകളോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി IKM ഒരു പ്രത്യേക പ്ളാൻ നിർദ്ദേശിക്കുകയും പ്രസ്തുത കണക്ഷൻ ലഭിച്ചു കഴിഞ്ഞാൽ മറ്റെല്ലാ ഇന്റർനെറ്റ് കണക്ഷനുകളും റദ്ദാക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കാത്തതിലൂടെ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നു.പഞ്ചായത്ത് വളപ്പിലെ പച്ചക്കറി വിപണനകേന്ദ്രം പ്രവർത്തനരഹിതമായി കാണുന്നു. പ്രസ്തുത കെട്ടിടം ഉപയോഗപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.01.2017 | 2015 - 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.07.2012 മുതൽ 19.07.2012 വരെ | 2010-11 മുതൽ 2011-12 വരെ | 05.09.2012 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

•• ••

ഇല്ല

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കൈപ്പറ്റു രസീത് ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

താഴെപറയുന്ന വിവിധ പദ്ധതികളിൽ പദ്ധതി പണം വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിലും അവയുടെ കൈപ്പറ്റു രസീത് ഹാജരാക്കിയില്ല.

| ക്രമ നം. | പദ്ധതി നം. | കൈമാറിയ സ്ഥാപനത്തിന്റെ പേര് | അടങ്കൽ | ബിൽ നം. തീയതി | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 10/2017 ഐ.കെ.എം സേവനങ്ങൾക്ക് തുക നൽകൽ | ഐ.കെ.എം | 55776 (വികസന ഫണ്ട്) | 01104 /07.03.2017 | 55776 |
| 2 | 12/2017 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - ബ്ലോക്ക് വിഹിതം | ഗ്രാമ പഞ്ചായത്തുകൾ | 1125000 (വികസന ഫണ്ട്) | 10 /18.10.2016 | 750000 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3 | 146/2017 ഗ്രാമപ്പഞ്ചായത്തു കളിൽ വൃദ്ധജന ങ്ങളുടെ പരിചരണ സേവനപരിപാടി കൾക്ക് - ബ്ലോക്ക് വിഹിതം | ഗ്രാമ പഞ്ചായ-ത്തുകൾ | 1381875 (വികസന ഫണ്ട് ) | 01192/31.03.2017 | 700000 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം: 1) മറുപടി ലഭിച്ചില്ല. ആയതിനാൽ കൈപ്പറ്റു രസീത് വാങ്ങി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ക്രമ നം.(2), (3) എന്നിവയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-2 അച്ചടി ജോലി - ക്വട്ടേഷൻ ക്ഷണിച്ചില്ല

പ്രോജക്റ്റ് നമ്പർ : 2/17

അടങ്കൽ : 200000(വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ/തീയതി : 8160034/31.12.2016, 001108/ 7.3.2017

തുക : 137965, 12035

പദ്ധതി രൂപീകരണം എന്ന പദ്ധതിയിൽ 'പദ്ധതി രേഖ 'തുടങ്ങിയ വിവിധ തരത്തിലുള്ള അച്ചടി ജോലികൾ ചെയ്ത ഇനത്തിൽ കല പ്രസ് എന്ന സ്ഥാപനത്തിന് 19500 , 18000 രൂപ നല്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ മേല്പറഞ്ഞ അച്ചടി ജോലികൾ ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. പകരം കല പ്രസ് എന്ന സ്ഥാപനത്തിന് ടി ജോലി നേരിട്ട് നൽകിയതായി കാണുന്നു. 15000/- രൂപയ്ക്ക് മുകളിലുള്ള ജോലികൾക്കു ക്വട്ടേഷൻ ക്ഷണിച്ച കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന് ടി ജോലികൾ നൽകണമെന്ന സർക്കാർ നിർദേശം ഇവിടെ പാലിക്കപ്പെട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ആദായ നികുതി ഈടാക്കിയില്ല

പ്രോജക്റ്റ് നമ്പർ : 176/17

അടങ്കൽ : 43125 (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ/തീയതി : 01175/31.03.2017

ചെലവ് തുക : 43125

ആർ.ഐ.ആർ.ഐ.ഡി.എഫ് അന്തിയൂർക്കോണം - കിള്ളി റോഡ് പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട റോഡിന്റെ ഗുണ നിലവാര പരിശോധന നടത്തുന്നതിനായി എൽ ബി എസ് ഇൻസ്റ്റിറ്റ്യൂട്ടിനെ ഏൽപ്പിക്കുകയും ആയതു ചെയ്തതിന്റെ പ്രതിഫലമായി 43125/- രൂപ അവർക്കു നൽകുകയും ചെയ്തു. ഇങ്ങനെ പ്രതിഫലം നൽകിയപ്പോൾ ആദായ നികുതി വകുപ്പ് സെക്ഷൻ 194ജെ അനുസരിച്ചുള്ള ആദായ നികുതി ഈടാക്കിയില്ല. ആദായ നികുതി ഈടാക്കാത്തതിനാൽ 4312/- രൂപ നികുതിയുടെ വരവിനത്തിൽ നഷ്ടമായിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം:2) മറുപടി ലഭിച്ചില്ല. ആയതിനാൽ ടി സ്ഥാപനത്തിൽ നിന്നും 4312/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ വാങ്ങൽ - കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തി

പ്രോജക്റ്റ് നമ്പർ : 23/17

അടങ്കൽ : 200000( മെയിന്റനൻസ് ഫണ്ട് (റോഡിതരം))

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ/തീയതി : 81600026/31.12.2016

തുക : 200000

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് 5 കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായിരുന്നു പദ്ധതി രൂപീകരിച്ചത്. ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സർക്കാർ ഉത്തരവ് 3299 /2016 /തസ്വഭവ തീയതി : 02.12.2016 പ്രകാരം സാധന സാമഗ്രികൾ സ്വയം നിർമിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മാത്രം ടെൻഡർ നടപടികൾ ഒഴിവാക്കി വാങ്ങാൻ നിർദേശിച്ചിരുന്നു. എന്നാൽ ഇവിടെ കംപ്യൂട്ടറുകൾ ടെൻഡർ നടപടികൾ കൂടാതെ കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങി. കെൽട്രോൺ കമ്പ്യൂട്ടർ നിർമ്മിക്കുന്നില്ല. ആയതിനാൽ ടെൻഡർ നടപടികൾ ഒഴിവാക്കി കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് ടി ഉത്തരവിന്റെ ലംഘനമാണ്.

2. കംപ്യൂട്ടറുകൾ വാങ്ങുന്നതിലേക്കായി ഐ കെ എം സ്പെസിഫിക്കേഷൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ സ്പെസിഫിക്കേഷൻ പരിഗണിക്കാതെ കെൽട്രോണിനോട് 5 കംപ്യൂട്ടറിനുള്ള ഇൻവോയ്സ് ആവശ്യപ്പെടുകയും കെൽട്രോൺ നൽകിയ 200000 രൂപയുടെ ഇൻവോയ്സ് പ്രകാരം വാങ്ങൽ നടത്തുകയും ചെയ്തു. കെൽട്രോൺ ഇൻവോയ്സ് നൽകിയ കംപ്യൂട്ടറുകൾ പഞ്ചായത്തിന് അനുയോജ്യമായതാണോ എന്നും ആവശ്യമുള്ളതിനേക്കാൾ അധികം സ്പെസിഫിക്കേഷൻ ഉള്ളതാണോ എന്നുള്ള കാര്യങ്ങൾ പരിഗണിക്കാതെയാണ് വാങ്ങൽ നടത്തിയത്.

3. കൂടാതെ കെൽട്രോൺ നൽകിയ 5 കംപ്യൂട്ടറുകളും assembled ആണ്. ആയതിനാൽ വാറന്റി ലഭിക്കില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി ഉയർന്ന നിരക്കിൽ കംപ്യൂട്ടറുകൾ വാങ്ങിയ നടപടി

അംഗീകരിക്കാൻ കഴിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം:2) മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 സർക്കാർ നിർദേശത്തിനു വിരുദ്ധമായി സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തി

പ്രോജക്റ്റ് നമ്പർ : 151/17

അടങ്കൽ : 102000( മെയിന്റനൻസ് ഫണ്ട് (റോഡിതരം)

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നമ്പർ/തീയതി : 81600032/31.12.2016

ചെലവ് തുക : 102000

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ഫർണിച്ചർ വാങ്ങൽ എന്ന പദ്ധതിയിൽ ഓഫീസിലേക്കായി കസേര, സ്റ്റീൽ റാക്ക് എന്നിവ വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ നീൽ കമൽ കമ്പനിയുടെ 105 പ്ലാസ്റ്റിക് കസേരകൾ, 2 സ്റ്റീൽ റാക്കുകൾ എന്നിവയാണ് വാങ്ങിയിരിക്കുന്നത്. ഇവ ടെൻഡർ നടപടികളില്ലാതെ സിഡ്കോയിൽ നിന്നും നേരിട്ടാണ് വാങ്ങിയിരിക്കുന്നത്.

സർക്കാർ ഉത്തരവ് 26/2015/SPD തീയതി : 28.05.2015 പ്രകാരം ടി ഉത്തരവിന്റെ Appendix പറയുന്ന ഫർണിച്ചറുകൾ മാത്രമേ സിഡ്കോയിൽ നിന്നും ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാൻ പാടുള്ളൂ. മേല്പറഞ്ഞ ഉത്തരവിൽ നീൽ കമൽ പ്ലാസ്റ്റിക് കസേര ഉൾപ്പെടുന്നില്ല.

സർക്കാർ ഉത്തരവ് 3299 /2016 /തസ്വഭവ തീയതി : 02.12.2016 പ്രകാരം സാധന സാമഗ്രികൾ സ്വയം നിർമിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മാത്രം ടെൻഡർ നടപടികൾ ഒഴിവാക്കി വാങ്ങാൻ നിർദേശിച്ചിരുന്നു. എന്നാൽ ഇവിടെ കസേരകൾ ടെൻഡർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങി.

മേൽ സൂചിപ്പിച്ച രണ്ടു കാരണങ്ങൾ കൊണ്ടും പ്ലാസ്റ്റിക് കസേരകൾ സിഡ്കോയിൽ നിന്നും വാങ്ങിയ നടപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ പ്ലാസ്റ്റിക് കസേരകൾ വാങ്ങുന്നതിനായി ചെലവഴിച്ച 102000/-രൂപ തടസ്സപ്പെടുത്തുന്നു. വിശദീകരണം നൽകി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 ഫീസിബിലിറ്റി സട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യ പത്രം - ഹാജരാക്കിയില്ല

താഴെ പറയുന്ന വിവിധ പദ്ധതികളിൽ കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് ജോലികൾക്കായി പദ്ധതി പണം കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരിച്ചതായുള്ള പൂർത്തീകരണ സർട്ടിഫിക്കറ്റോ വിനിയോഗ സർട്ടിഫിക്കറ്റോ ഹാജരാക്കിയില്ല. ആയതിനാൽ എത്രയും വേഗം വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | പദ്ധതി | കൈമാറിയ സ്ഥാപനത്തിന്റെ പേര് | അടങ്കൽ | ബിൽ നം./ തീയതി | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | ഊക്കോട് പ്ലാവിള - ഇടവഴി പൈപ്പ്‌ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 150000 (SCP) | നമ്പർ :01130 തീയതി :15.03.17 | 150000 |
| 2 | കീഴ്പ്പാട് എള്ളകോട് പൈപ്പ്‌ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 70000 (SCP) | നമ്പർ :01131 തീയതി :15.03.17 | 70000 |
| 3 | മുത്തുകുഴി ആലറത്തല പൈപ്പ്‌ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 81956 (വികസനഫണ്ട്), 378044 (SCP) | നമ്പർ :01135, 01134, തീയതി :15.03.17 | 460000 |
| 4 | ഊക്കോട് വിളയിൽ - ഇടവഴി പൈപ്പ്‌ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 293 (വികസനഫണ്ട്), 189707(SCP) | നമ്പർ :01136, 01133 തീയതി :15.03.2017 | 190000 |
| 5 | ബ്ലോക്ക് പരിധിയിലെ വിവിധ സ്ഥലങ്ങളിലെ പൈപ്പ്‌ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 1297000 (വികസനഫണ്ട്) | നമ്പർ :01137, തീയതി :15.03.2017 | 1297000 |
| 6 | ബ്ലോക്ക് പരിധിയിലെ വിവിധസ്ഥലങ്ങളിലെ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി | 3760780 (വികസനഫണ്ട്) | നമ്പർ :01140 തീയതി :15.03.2017 | 3672155 |
| 7 | തച്ചോട്ടുകാവ് കാവുവിള പൈപ്പ്‌ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 390000(വികസന ഫണ്ട്) | നമ്പർ :01134 തീയതി :15.03.2017 | 390000 |
| 8 | മറുകിൽ മാറനല്ലൂർ പ്രദേശങ്ങളിലെ പൈപ്പ്‌ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 701425 (വികസനഫണ്ട്), 173583 (SCP) | നമ്പർ :01144, 01145, തീയതി :31.03.2017 | 875008 |
| 9 | സാമൂഹ്യ സുരക്ഷ | സാമൂഹ്യ സുരക്ഷ | 692016 | നമ്പർ :192 | 692016 |

| | | | | | |
|---|---|---|---|---|---|
| | മിഷനുകൾക്കു ബ്ളോക് വിഹിതം | മിഷൻ | (വികസനഫണ്ട്) | തീയതി :31.03.2017 | |

1) ക്രമ നം: 5 പദ്ധതിയിൽ, ബന്ധപ്പെട്ട ഓഫീസുമായി കരാറിലേർപ്പെട്ടിട്ടില്ല. കൂടാതെ ക്രമ നം.6 പദ്ധതിയിൽ മലയിൻകീഴ് കെ.സ്.ഇ.ബി ക്ക് 187050/-രൂപ കൈമാറിയെങ്കിലും കൈപ്പറ്റു രസീത് ഹാജരാക്കിയിട്ടില്ല.

2) ക്രമ നം: 1,2,3,4,8 പദ്ധതികളിൽ ഫീസിബിലിറ്റി സട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ 961334രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫീസിബിലിറ്റി സട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 കറവ പശു വിതരണം - വായ്പ രേഖകൾ ഹാജരാക്കിയില്ല

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ 4 പദ്ധതികളുടെ വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ടി പദ്ധതിയിൽ കറവ പശു വിതരണത്തിനായി 5 പേരടങ്ങിയ പർച്ചെയ്സിങ് കമ്മിറ്റിയുടെ കീഴിൽ പശുക്കളെ വാങ്ങുകയും അവ ക്ഷീര സംഘങ്ങളിലെ കർഷകരുടെ ഗ്രൂപ്പുകൾക്ക് സബ്സിഡിയോടു കൂടെ വിതരണം ചെയ്യുകയും ചെയ്യുന്നു. അഞ്ചിനും പത്തിനും ഇടയിൽ എണ്ണം കർഷകൻ ചേർന്നതാണ് ഗ്രൂപ്പ്. വായ്പ ബന്ധിതമായാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത് .

| ക്രമ നം. | പദ്ധതി | അടങ്കൽ | ബിൽ നം./ തീയതി | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 18/2017 | 3250000 (വികസന ഫണ്ട്), 5600000 (വായ്പ) | നമ്പർ :2/16-17, 5/16-17, 8/16-17, 12/16-17തീയതി :21.02.2017, 28.2.2017, 17.03.2017, 28.03.2017 | 3250000 |
| 2 | 19/2017 | 1950000 (വികസന ഫണ്ട്), 3360000 (വായ്പ) | നമ്പർ :3/16-17, 6/16-17, 9/16-17, 13/16-17തീയതി :31.01.2017, 28.2.2017, 17.03.2017, 28.03.2017 | 1950000 |
| 3 | 20/2017 | 1950000 (SCP), 3360000 (വായ്പ) | നമ്പർ :4/16-17, 7/16-17, 10/16-17, 14/16-17തീയതി :31.01.2017, 28.2.2017, 17.03.2017, 28.03.2017 | 1830000 |

| | | | | |
|---|---|---|---|---|
| 4 | 165/2017 | 1020000 (വികസന ഫണ്ട്), 1750000 (വായ്പ) | നമ്പർ :15/16-17, തീയതി :28.03.2017 | 1020000 |

ടി പദ്ധതികൾ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് വായ്പ അനുവദിച്ചത് സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയില്ല.

2. പശുക്കൾക്ക് ഇൻഷുറൻസ് എടുത്തത് സംബന്ധിച്ച മുഴുവൻ രേഖകളും ഹാജരാക്കിയില്ല.

3. ക്ഷീര സംഘങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കിയില്ല.

4. പദ്ധതിയിൽ പാമാംകോട് ക്ഷീര സംഘത്തിലെ ഗ്രൂപ്പിന് അനുവദിച്ച സബ്സിഡി തുക 120000/-രൂപ വെൻമാരനല്ലൂർ ക്ഷീര സംഘത്തിലെ ഗ്രൂപ്പിനുള്ള സബ്സിഡിയായി ബാങ്കിന് നൽകി.

5. പ്രോജക്റ്റ് നം 19 /17 ൽ പശുക്കളെ വാങ്ങുന്നതിനായി പർച്ചെയ്സിംഗ് കമ്മിറ്റി കൃഷ്ണഗിരി എന്ന സ്ഥലത്തേക്ക് 2 .3 .2017 ൽ പുറപ്പെടുകയും 03 .03 .2017 ന് കൃഷ്ണഗിരിയിൽ താമസിക്കുകയും 04 .03 .2017 തിരികെ എത്തുകയും ചെയ്തു. ഇതിനായി വാഹന വാടക ഇനത്തിൽ 19600/- രൂപയും, റൂം വാടകയിനത്തിൽ 2050/- രൂപയും ചെലവഴിക്കുകയും ചെയ്തു.

എന്നാൽ പ്രോജക്റ്റ് നം. 18 /2017 -ൽ പശുക്കളെ വാങ്ങുന്നതിനായി പർച്ചെയ്സിംഗ്കമ്മിറ്റി കൃഷ്ണഗിരി എന്ന സ്ഥലത്തേക്ക് മേൽ പറഞ്ഞ അതേ തീയതികളിൽ യാത്ര ചെയ്യുകയും താമസിക്കുകയും തിരികെ എത്തിയതായും ഇതിനായി വാഹന വാടക ഇനത്തിൽ 22670/- രൂപയും റൂം വാടകയിനത്തിൽ 4250/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

ഒരേ ആവശ്യത്തിലേക്കായി 2 യാത്രകൾ ഒരേ സമയം ചെയ്തത് അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ വാഹന വാടക ഇനത്തിലും റൂം വാടക ഇനത്തിലും അധികം ചെലവഴിച്ച 22670/-, 4250/- രൂപ നിരാകരിക്കുന്നു

വായ്പ അനുവദിച്ച രേഖകളുടെയും മുഴുവൻ ഇൻഷുറൻസ് രേഖകളുടെയും അഭാവത്തിൽ 5 പദ്ധതികളിലുമായി ചെലവഴിച്ച 8023080രൂപ (നിരാകരിച്ച26920 രൂപ ഒഴികെ) തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-8** സി.എച്ച് .സി കൾക്ക് മരുന്ന് വാങ്ങൽ - അപാകങ്ങൾ

കേന്ദ്രീകൃത രീതിയിലുള്ള വാങ്ങൽ നടത്തി ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്നുകൾ ലഭ്യമാക്കുകയെന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തു വരുന്ന മരുന്നുകൾ പര്യാപ്തമായ രീതിയിൽ ലഭിക്കുന്നില്ലെങ്കിൽ തദ്ദേശ സ്വയം ഭരണ

സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി ആരോഗ്യ സ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്താവുന്നതാണെന്ന് 11-01-2016ലെ ജി.ഒ (എം.എസ്) 4/2016 /ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇത്തരം പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി മരുന്നുകൾ ലഭ്യമല്ല എന്ന സാക്ഷ്യപത്രം ജില്ലാ മെഡിക്കൽ ഓഫീസറുടെ പക്കൽ നിന്നും വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സാക്ഷ്യപത്രം കൂടാതെയാണ് മരുന്ന് വാങ്ങൽ പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നത്. ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. കൂടാതെ മുഴുവൻ ചെലവ് തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. പ്രോജക്റ്റ് നം. - SOO 25/17

അടങ്കൽ തുക - 1000000

ചെലവ് തുക - 1000000

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, മലയിൻകീഴ്)

ബിൽ നം. - 1/2016-17, തീയതി. 30.11.2016, തുക 500000/- രൂപ

ബിൽ നം. - 3/2016-17, തീയതി. 13.03.2017, തുക 500000/- രൂപ

'മലയിൻകീഴ് സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ' എന്ന പ്രോജക്റ്റ് പ്രകാരം ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിലേക്കായി ആദ്യ ഗഡു 500000/-രൂപ ഡി.ഡി നം. 954576 തീയതി 08.12.2016 മുഖേനയും രണ്ടാം ഗഡു 500000/-രൂപ ഡിഡി നം. 039497 തീയതി 31.03.2017 മുഖേനയും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറി. എന്നാൽ പ്രസ്തുത സ്ഥാപനം നാളിതുവരെ 665666/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി തുകയായ 334334/- രൂപയുടെ മരുന്ന് അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

II പ്രോജക്റ്റ് നം. - so022/17

അടങ്കൽ തുക - 1000000

ചെലവ് തുക - 1000000

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, വിളപ്പിൽ)

ബിൽ നം. -2.2/17, തീയതി. 30.12.2016, തുക 650000/- രൂപ

ബിൽ നം. -4.3/17, തീയതി. 07.03.2017, തുക 350000/- രൂപ

'വിളപ്പിൽ സി.എച്ച്.സി ക്ക് അനിവാര്യ മരുന്നുകൾ വാങ്ങൽ' എന്ന പ്രോജക്റ്റ് പ്രകാരം ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിലേക്കായി ആദ്യ ഗഡു 650000/-രൂപ ഡിഡി നം. 823951 തീയതി 03.01.2017 മുഖേനയും രണ്ടാം ഗഡു 350000/-രൂപ ഡിഡി നം. 823983 തീയതി, 20.03.2017 മുഖേനയും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറി. എന്നാൽ പ്രസ്തുത സ്ഥാപനം നാളിതുവരെ 928878/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി തുകയായ 71122/- രൂപയുടെ മരുന്ന് അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 ദീർഘവീക്ഷണമില്ലാത്ത ആസൂത്രണം ഫണ്ടിന്റെ ശരിയായ വിനിയോഗത്തിന് തടസ്സമാകുന്നു.

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി വിളപ്പിൽ സി.എച്ച്.സി യുടെ അനിവാര്യ ചെലവുകൾക്കായി ആറു ലക്ഷം രൂപ അടങ്കലിൽ പദ്ധതി നം ടoo24/17 (വിളപ്പിൽ സി.എച്ച്.സി യ്ക്ക് അനിവാര്യ ചെലവുകൾ) രൂപീകരിച്ചിരുന്നു. ഈ തുക പൂർണ്ണമായി ചെലവഴിച്ചു. 19.06.2015 മുതൽ 19.05.2016 വരെയുള്ള ചെലവുകളാണ് ഈ തുകയ്ക്ക് നിറവേറ്റിയിരിക്കുന്നത്. ആവശ്യമായ തുക ലഭ്യമല്ലാത്തതിനാൽ ആശുപത്രി വികസന സമിതിയുടെ ഫണ്ടിൽ നിന്ന് ചെലവ് നടത്തിയ ശേഷം പദ്ധതി വകയിരുത്തൽ തുക ലഭ്യമാകുന്ന മുറയ്ക്ക് ഇതിലേക്ക് തിരികെ അടയ്ക്കുകയാണ് ചെയ്യുന്നത്. ഈ പ്രവണത നിരങ്കുശം തുടരുന്നത് ആശുപത്രി വികസന സമിതിയുടെ ഫണ്ടിലെ തുക ആശുപത്രിയുടെ വികസനത്തിനായി ഫലപ്രദമായി വിനിയോഗിക്കുന്നതിന് തടസ്സമാകുന്നു. ഒരു വർഷം കൂടുതൽ തുക വകയിരുത്തി ഇതിന് പരിഹാരം കാണാവുന്നതാണ്. ഇത് സ്ഥാപനത്തിന്റെ ഉന്നമനത്തിന് സഹായിക്കും.

## 3-10 പദ്ധതി നടത്തിപ്പിൽ വീഴ്ച - ചെലവ് 49.84% മാത്രം

2016-17സാമ്പത്തിക വർഷം ബ്ലോക്ക്പഞ്ചായത്ത് 155 പദ്ധതികൾ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയെങ്കിലും 116 പദ്ധതികൾ മാത്രമാണ് പൂർണ്ണമായി നടപ്പിലാക്കിയത്. പദ്ധതി നടത്തിയതിന്റെ വിവരണമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| 1 | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി ) | 2 | 2 | 225000 | 224800 | 99.91 |
| 2 | വെറ്ററിനറി സർജൻ | 2 | 2 | 7680000 | 3360000 | 43.75 |
| 3 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 6 | 6 | 3900000 | 3686813 | 94.53 |
| 4 | പട്ടികജാതി വികസന ഓഫീസർ | 1 | 1 | 25000 | 24820 | 99.28 |
| 5 | വ്യവസായ വികസന ഓഫീസർ | 0 | 0 | 0 | 0 | 0 |
| 6 | ജി.ഇ.ഒ. | 0 | 0 | 0 | 0 | 0 |
| 7 | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 3 | 1 | 3774000 | 100000 | 2.64 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 33 | 24 | 37665086 | 18906774 | 50.197 |

| | | | | | | |
|---|---|---|---|---|---|---|
| | സെക്രട്ടറി | | | | | |
| 9 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 102 | 74 | 57291603 | 31606913 | 55.168 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 6 | 6 | 23118000 | 8710000 | 37.676 |
| ആകെ | | 155 | 116 | 133678689 | 66620120 | 49.836 |

വ്യവസായ വികസന ഓഫീസർ, ജി.ഇ.ഒ എന്നിവർക്ക് യാതൊരു പദ്ധതിയും 2016 - 2017 ൽ ഉണ്ടായിരുന്നില്ല. ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസറുടെ ചെലവ് 2 .64% മാത്രമാണ്. സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്ക് താങ്ങാകേണ്ടതിനു പകരം ഓഫീസ് ആവശ്യത്തിനുള്ള ഫർണ്ണിച്ചർ വാങ്ങുന്ന പദ്ധതി മാത്രം നടപ്പിലാക്കിയ ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസറുടെ നടപടി ജനാധിപത്യ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ജനകീയാസൂത്രണ സംവിധാനത്തിന് ഒട്ടും ഭൂഷണമല്ല.

*ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങൽ- പദ്ധതി നടത്തിപ്പിൽ വൻ വീഴ്ച*

മേൽ പദ്ധതിക്ക് 2016 – 2017 വർഷം ചെലവ് പത്രിക പ്രകാരം ചെലവൊന്നും നടന്നിട്ടില്ല. എന്നാൽ ടി പദ്ധതി പ്രകാരം വാഹനങ്ങൾ വാങ്ങി പഞ്ചായത്തോഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകങ്ങൾ കാണുന്നുണ്ട്.

1. പദ്ധതി പ്രകാരം വാഹനം വാങ്ങേണ്ടത് സർക്കാർ/സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നാണ്. എന്നാൽ വാഹനം വാങ്ങിയിരിക്കുന്നത് കെ.സി റെയ്സ് മോട്ടോർസ് എന്ന സ്ഥാപനത്തിൽ നിന്നാണ്.

2. പദ്ധതി പ്രകാരം 11 ലക്ഷം രൂപ ബ്ളോക്ക് പഞ്ചായത്തും 12 ലക്ഷം രൂപ ഗ്രാമപ്പഞ്ചായത്തുകളുമാണ് വഹിക്കേണ്ടത്. എന്നാൽ ഗ്രാമപ്പഞ്ചായത്തുകൾ ഇതിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടു പോലുമില്ല.

3. ബ്ളോക്ക് പഞ്ചായത്ത് ഗുണഭോക്തൃ പട്ടിക അംഗീകരിക്കുന്ന സമയം ലൈസൻസ് കാലാവധി കഴിഞ്ഞയാളും ലേണേസ് ലൈസൻസ് പോലും ഇല്ലാത്തവരും ലേണേസ് ലൈസൻസ് കാലാവധി കഴിഞ്ഞവരും പട്ടികയിൽ ഉൾപ്പെട്ടു.

4. ഗ്രാമപ്പഞ്ചായത്തിന്റെ ഗുണഭോക്തൃ പട്ടികയിൽ ഇല്ലാതിരുന്ന വ്യക്തി ബ്ളോക്ക് പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

5. വാഹനങ്ങളുടെ താത്കാലിക രജിസ്ട്രേഷൻ കാലാവധി 27.07.2017 ന് അവസാനിച്ചു.

ഭാവിയിൽ ഇത്തരം പദ്ധതി നിർവ്വഹണ വിരുദ്ധ സമീപനങ്ങളുണ്ടാകാതെ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് തുക വകയിരുത്തുവാനും അംഗീകാരം ലഭിക്കുന്ന മുറക്ക് ആസൂത്രണം ചെയ്യുന്ന മുഴുവൻ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുവാനും അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പദ്ധതികൾ

ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ ചൂണ്ടിക്കാണിച്ച അപാകങ്ങൾ ആവർത്തിക്കാതെ ഇരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക | വൗച്ചർ നം./ ചെക്ക്നം. | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | വാട്ടർ അതോറിറ്റി | ഊക്കോട് പ്ലാവിള - ഇടവഴി പൈപ്പ് ലൈൻ നീട്ടൽ | 150000 | നമ്പർ :01130 തീയതി :15.03.2017 | - |
| 2 | വാട്ടർ അതോറിറ്റി | കീഴ്പ്പാട് എള്ളുകോട് പൈപ്പ് ലൈൻ നീട്ടൽ | 70000 | നമ്പർ :01131 തീയതി :15.03.2017 | - |
| 3 | വാട്ടർ അതോറിറ്റി | മുത്തുകുഴി ആലറത്തല പൈപ്പ് ലൈൻ നീട്ടൽ | 460000 | നമ്പർ :01135, 01134, തീയതി :15.03.2017 | - |
| 4 | വാട്ടർ അതോറിറ്റി | ഊക്കോട് വിളയിൽ - ഇടവഴി പൈപ്പ് ലൈൻ നീട്ടൽ | 190000 | നമ്പർ :01136, 01133 തീയതി :15.03.2017 | - |
| 5 | | ബ്ലോക്ക് പരിധിയിലെ വിവിധ സ്ഥലങ്ങളിലെ പൈപ്പ് ലൈൻ നീട്ടൽ | 1297000 | നമ്പർ :01137, തീയതി :15.03.2017 | - |
| 6 | കെ.എസ്.ഇ.ബി | ബ്ലോക്ക് പരിധിയിലെ വിവിധ സ്ഥലങ്ങളിലെ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 3672155 | നമ്പർ :01140 തീയതി :15.03.2017 | - |
| 7 | വാട്ടർ അതോറിറ്റി | തച്ചോട്ടുകാവ് കാവുവിള പൈപ്പ് ലൈൻ നീട്ടൽ | 390000 | നമ്പർ :01134 തീയതി :15.03.2017 | - |
| 8 | വാട്ടർ അതോറിറ്റി | മറുകിൽ മാറനല്ലൂർ പ്രദേശങ്ങളിലെ പൈപ്പ് ലൈൻ നീട്ടൽ | 875008 | നമ്പർ :01144, 01145, തീയതി :31.03.2017 | - |

| | | | | | |
|---|---|---|---|---|---|
| 9 | സാമൂഹ്യ സുരക്ഷ മിഷൻ | സാമൂഹ്യ സുരക്ഷ മിഷനുകൾക്ക് ബ്ലോക്ക് വിഹിതം | 692016 | നമ്പർ :192 തീയതി :31.03.2017 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ (സാധാ) 1030/10/ ത.സ്വ.ഭ.വ തീയതി. 25.03.2010 | 31144300 | | 3114430 | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് വർഷം | ഓഡിറ്റ് ഖണ്ഡിക |
|---|---|---|---|
| 1. | 2003-04 | 2000-01 | ഖ.2 |
| 2. | 2003-04 | 2000-01 | ഖ.26 &27 |
| 3. | 2003-04 | 2000-01 | ഖ.30 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 138249350 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 108998432 |
| വരവിനങ്ങളിലുള്ള നഷ്ടം | 4312 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26920 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9286414 |

*(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | 4312 | | ശ്രീ. ബി. കൃഷ്ണൻകുട്ടിനായർ,<br>സെക്രട്ടറി |
| 3-7 | | 26920 | ശ്രീമതി.ബി.ജയശ്രീ,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 2,00,000/- | ശ്രീ. ബി. കൃഷ്ണൻകുട്ടിനായർ, സെക്രട്ടറി |
| 3-5 | 102,000/- | ശ്രീ. ബി.കൃഷ്ണൻകുട്ടി നായർ, സെക്രട്ടറി |
| 3-6 | 961,334/- | ശ്രീ. ബി. കൃഷ്ണൻകുട്ടിനായർ, സെക്രട്ടറി |
| 3-7 | 80,23,080/- | ശ്രീമതി ബി. ജയശ്രീ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 92,86,414/- | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 4312/- | ശ്രീ. ബി. കൃഷ്ണൻകുട്ടിനായർ, സെക്രട്ടറി |

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും<br>ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ. ബി. കൃഷ്ണൻകുട്ടിനായർ, സെക്രട്ടറി | | "അനുപമം", മുഴിയിൽ, വിട്ടിയം,പേയാട് പി.ഒ. |
| ശ്രീമതി ബി. ജയശ്രീ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | "മിഥില", എൻ.എസ്.പി നഗർ 135 കേശവദാസപുരം പട്ടം പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/640/09 തീയതി,16.03.2013 | 31 (നിയമസഭാസമിതി), 33, 34, 35 | 4 |
| 1999-2000 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/641/09 തീയതി,06.09.2013 | 24, 25, 29, 30, 31, 32, 34, 35, 36, 38 | 10 |
| 2000-01 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/1423/08 തീയതി,05.11.2012 | 24, 25, 28, 29, 34 | 5 |
| 2001-02 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/441/11 തീയതി, 05.11.2012 | 2.8, 2.14, 3.1, 3.2, 3.3, 3.4 | 6 |
| 2002-03 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/1094/10 തീയതി, 05.11.2012 | 3.1, 3.2, 3.3, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11 | 10 |
| 2003-04 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/1096/10 തീയതി,05.11.2012 | 3.1, 3.2 | 2 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/1095/10 തീയതി, 05.11.2012 | 3.1, 3.2, 3.4, 3.5, 3.7 | 5 |
| 2005-06 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/1677/09 തീയതി, 18.03.2013 | 3.1 | 1 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/1968/13 തീയതി, 18.11.2014 | 3.1 (എ), (ബി), 3.2, 3.3 (ഭരണതല നടപടി), 3.4, 3.5 | 6 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/310/11 തീയതി, 16.03.2013 | 2.3, 3.2, 3.3 | 3 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/2128/12 തീയതി,16.03.2013 | 3.1, 3.2, 3.3 | 3 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/2129/12 | 3.1, 3.2, 3.3, 3.4, 3.5 | 5 |

| | | | |
|---|---|---|---|
| | തീയതി,16.03.2013 | | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/2130/12 തീയതി,16.03.2013 | 3.1, 3.2, 3.3, 3.4, 3.5, 3.8 | 6 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/2252/14 തീയതി,15.11.2014 | 3.1 മുതൽ 3.9 വരെ | 9 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/626/15 തീയതി,03.07.2015 | 3.1, 3.2, 3.3, 3.5, 3.6, 3.10, 3.11, 3.12, 3.13 | 9 |
| 2013-14 | എൽ.എഫ്.റ്റി.ഡി.ബി.&ഡി/71/16 തീയതി, 08.01.16 | 3- 1 മുതൽ 3-6 വരെ | 6 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം ബി&ഡി/816/16 തീയതി, 08.06.16 | - | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം ബി&ഡി/366/17 തീയതി, 20.02.17 | 3-1 മുതൽ 3-10 വരെ | 10 |

ഒപ്പ്

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതൊഴികെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2016-17 സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ 12-ലെ നമ്പർ: 319/2003/ധന, തിയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

## ന്യൂനതകളുടെ സംഗ്രഹം

1) സ്ഥാപനത്തിന്റെ മുഴുവൻ ആസ്തി വിവരവും വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

2) സ്റ്റോക്ക് & സ്റ്റോർസ് മൂല്യാധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യ പത്രികയിൽ
ഉൾപ്പെടുത്തിയിട്ടില്ല.

3) വാർഷിക ധനകാര്യപത്രികയിലെ ബി 11 (a) ഷെഡ്യൂൾ പ്രകാരം 1906509/- രൂപയാണ്. എന്നാൽ രജിസ്റ്റർ

പ്രകാരം പാർട്ട് പെയ്മെന്റ് തുക 1860476/- രൂപയാണ്.

4) സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

5) ട്രഷറി അക്കൗണ്ട് റികൺസിലിയേഷൻ നടത്തിയിട്ടില്ല.

6) ഇ.എം.എസ് ഭവന പദ്ധതി - വായ്പ സംബന്ധിച്ച വായ്പ രജിസ്റ്റർ, ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് തുടങ്ങിയ രേഖകൾ
ഹാജരാക്കാത്തതിനാൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുകയുടെ ആധികാരികത പരിശോധിക്കാൻ
കഴിഞ്ഞില്ല.

ഒപ്പ്

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്